# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **6076** — 07.07.2014 ലെ മറുപടിക്ക്

## താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി :<br>ശ്രീ.ഷാഫി പറമ്പിൽ :<br>ശ്രീ.വി.പി.സജീന്ദ്രൻ :<br>ശ്രീ.എം.എ.വാഹീദ് : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;<br>(സി) ആർക്കെല്ലാമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;<br>(ഡി) താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (ബി), (സി) & (ഡി) കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കപ്പെട്ട എന്ന കാരണത്താൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടനമ്പർ അനുവദിച്ച് നൽകുന്നില്ല എന്ന സാഹചര്യം നിലവിൽ ഉണ്ടെന്ന് മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ലഭിച്ച നിവേദനങ്ങളിൽ നിന്നും സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് നിബന്ധനകളോടെ താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി 04.06.2012 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റ് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നീ സേവനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ